(ഡി) &(ഇ) ഉണ്ട്. ലെവി പഞ്ചാരയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതുകൊണ്ട് ലഭ്യത കുറയുവാനും പൊതു വിപണിയിൽ വില വർദ്ധിക്കുവാനും സാദ്ധ്യതയുണ്ട്.

(എഫ്) എഫ്.സി.ഐ. ഗോഡൗണുകൾ സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഔദ്യോഗികമായ വിവരമൊന്നും ലഭിച്ചിട്ടില്ല. അന്യ സംസ്ഥാനങ്ങളുമായി ഈ കാര്യത്തിൽ ചർച്ച നടത്തുന്ന പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല.

ഗുണനിലവാരമില്ലാത്ത ഔഷധങ്ങൾ

25 (*25)ശ്രീ. സത്യൻ മൊകേരി :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. പി. നാരായണൻ :

ശ്രീ. ജോസ് ബേബി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത ഔഷധങ്ങൾ വിൽക്കുന്നത് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഔഷധങ്ങൾ വിറ്റഴിക്കപ്പെട്ട എത്ര കേസ്സുകൾ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കണ്ടുപിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഗുണനിലവാരമില്ലാത്ത എത്രയിനം ഔഷധങ്ങൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. നിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ വിൽപന തടയുന്നുണ്ട്.

(ബി) 519

(സി)
1996-97	: 140
1997-98	: 135
1998-99	: 244

ഒറീസ്സയിലെ ചുഴലിക്കാറ്റുമൂലം ദുരിതമനുഭവിക്കുന്നവർക്ക് സർക്കാർ നൽകിയ സഹായം

26 (*26)ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ചുഴലിക്കാറ്റ് നാശംവിതച്ച ഒറീസ്സയിലെ ജനങ്ങൾക്ക് സാന്ത്വന മേകാൻ കേരള സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാ ക്കുമോ;

(ബി) എന്തു തുക, സാമ്പത്തികസഹായമായി നൽകി;

(സി) ഭക്ഷ്യ വസ്തുക്കൾ, മരുന്ന്, വസ്ത്രം ഇവ എന്തുമാത്രം നൽകി;

(ഡി) സംസ്ഥാനത്തുനിന്ന് ഡോക്ടർമാരുടെ സംഘത്തെ അയയ്ക്കു കയുണ്ടായോ;

(ഇ) ഈ ദുരന്തത്തിൽ മലയാളികൾക്ക് ആർക്കെങ്കിലും നാശനഷ്ട മുണ്ടാവുകയോ അപകടമുണ്ടാവുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാ ക്കുമോ;

(എഫ്) ദുരിതത്തിൽ മലയാളികളെ സഹായിക്കാൻ സർക്കാർ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ഇ.കെ. നായനാർ) :

(എ)&(ബി) ഒറീസ്സയിലെ ചുഴലിക്കാറ്റുമൂലം ദുരിതമനുഭവിക്കുന്ന വർക്ക് സാന്ത്വനമായി സംസ്ഥാനസർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനി ധിയിൽ നിന്നും 50 ലക്ഷം രൂപ 4.11.1999- ൽ നൽകി. കൂടാതെ വിവിധ ജില്ലക ളിൽ നിന്നും വസ്ത്രം, വീടുപകരണങ്ങൾ മരുന്ന് എന്നിവയും ഒറീസ്സ സർക്കാ രിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഔഷധ നിർമ്മാതാക്കൾ, ഔഷധ വ്യാപാരികൾ, ഇൻഡ്യൻ മെഡിക്കൽ അസോസ്സിയേഷൻ, ഡോക്ടർമാരുടെ സംഘടന എന്നിവർ സംഭാ വന നൽകിയ 22,34,500/- രൂപ വില വരുന്ന മരുന്ന് ഔഷധ ഗുണനിയന്ത്രണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റെയിൽവേ മുഖാന്തിരം അയച്ചുകൊടുത്തു. കൂടാതെ 10 ലക്ഷം രൂപ വിലവരുന്ന മരുന്നുകൾ ഡിസംബർ 15-ാം തീയ തിക്കു മുൻപായി അയച്ചുകൊടുക്കുന്നതാണ്. വിവിധ ജില്ലകളിൽ ശേഖരിച്ച വസ്ത്രം മരുന്നുകൾ എന്നിവ ജില്ലാ അധികാരികൾ നേരിട്ട് ഒറീസ്സാ സർക്കാ രിന് അയച്ചു കൊടുത്തിട്ടുണ്ട്. കൂടാതെ മാനവീയം സാംസ്കാരിക മിഷൻ ശേഖരിച്ച രണ്ടു കിന്റൽ വസ്ത്രങ്ങൾ, പാത്രം എന്നിവ ഒറീസ്സാ ചീഫ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തുനിന്ന് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന തിനുള്ള ആവശ്യകത ഒന്നും തന്നെ ഉണ്ടാകാത്തതിനാൽ ഡോക്ടർമാരുടെ സംഘത്തെ അയയ്ക്കുകയുണ്ടായില്ല. എന്നാൽ തൃശ്ശൂർ ജില്ലയിൽ നിന്നും 2 ഡോക്ടർമാർ ഉൾപ്പെടെ 12 പാരാമെഡിക്കൽ സ്റ്റാഫിനെ 9.11.99-ൽ അയയ്ക്കു കയും അവർ 29.11.99-ൽ തിരികെ വരികയും ചെയ്തിട്ടുണ്ട്.

(ഇ)&(എഫ്) ദുരന്തത്തിൽ മലയാളികൾക്കാർക്കെങ്കിലും നാശനഷ്ട മുണ്ടാകുകയോ അപകടമുണ്ടാകുകയോ ചെയ്തതായി വിവരം ലഭിച്ചിട്ടില്ല. എന്നാൽ ഒറീസ്സയിൽ ജോലി ചെയ്തിരുന്ന ചില മലയാളികളെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നാട്ടിലുള്ള അവരുടെ ബന്ധുക്കൾ നൽകിയ ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അവരെ കണ്ടെത്തി ക്ഷേമം ഉറപ്പു വരുത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് ഒറീസ്സാ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly